# പത്രക്കുറിപ്പ്

ബഹുമാനപ്പെട്ട കേരളാ സംസ്ഥാന പോലീസ് മേധാവി അവർകളുടെ നിർദ്ദേശാനുസരണം തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരത്തിൽ 09.01.2017 മുതൽ 15.01.2017 വരെ തിരു. സിറ്റി ട്രാഫിക് പോലീസ് റോഡ് സുരക്ഷാവാരം നടപ്പിലാക്കിയിട്ടുള്ളതും ആയതിൽ ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശനനിയമനടപടികൾ കൈക്കൊണ്ടിട്ടുള്ളതും രൂപഘടനയിൽ അനധികൃതമായി മാറ്റം വരുത്തി ഓടിക്കുന്ന വാഹന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതും കൂടാതെ, തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ ബോധവത്കരണക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുള്ളതുമാണ്.

റോഡ് സുരക്ഷാവാരത്തിന്റെ ഭാഗമായി വാഹനത്തിന്റെ രൂപഘടന മാറ്റിയതിന് 44 പേർക്കും അപാകമായും ഉദാസീനമായും വാഹനമോടിച്ചു വന്ന38 പേർക്കും അമിതവേഗതയിൽ ഓടിച്ചു വന്ന 42 പേർക്കും ഹെൽമെറ്റ് ധരിക്കാതെ വാഹനം ഓടിച്ചതിന് 1870 പേർക്കും അനധികൃത പാർക്കിംഗിന് 606 പേർക്കും സീറ്റ് ബെൽറ്റ് ധരിക്കാതെ വാഹനമോടിച്ചതിന് 110 പേർക്കും 2 ൽ കൂടുതൽ പേർ ഇരുചക്രവാഹനത്തിൽ യാത്ര ചെയ്തതിന് 19 പേർക്കും മീറ്റർ പ്രവർത്തിപ്പിക്കാതെ വാഹനമോടിച്ചതിന്305 ആട്ടോറിക്ഷ ഡ്രൈവർമാർക്കും അപകടകരമായ രീതിയിൽ ഭാരം കയറ്റിപ്പോയതിന്68 പേർക്കും പിഴ ഈടാക്കിയിട്ടുള്ളതും അപകടമായും ഉദാസീനമായും വാഹനമോടിച്ചതിന് 121 ഡ്രൈവർമാർക്കെതിരെയും മദ്യപിച്ച് വാഹനമോടിച്ചതിന്17 പേർക്കെതിരെയും അനധികൃ പാർക്കിംഗിന് 23 പേർക്കെതിരെയും മറ്റു നിയമലംഘനങ്ങൾക്ക് 56 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

കൂടാതെ തിരുവനന്തപുരം ജില്ലയിൽ സിറ്റി ട്രാഫിക് പോലീസ് നടത്തിയ ബോധവത്കരണക്ലാസ്സുകൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥലം | തീയതി |
|---|---|---|
| 1 | അംബേദ്കർ സി.ബി.എസ്.സി സ്കൂൾ, പാലോട് | 10.01.2017 |
| 2 | കിംസ് ആശുപത്രി | 10.01.2017 |
| 3 | എയർഫോഴ്സ് സ്റ്റേഷൻ, ശംഖുമുഖം | 11.01.2017 |
| 4 | പോലീസ് ട്രെയിനിംഗ് കോളേജ് | 13.01.2017 |

0471-2558731
0471-2558732

പോലീസ് ഇൻസ്പെക്ടർ
ട്രാഫിക് നോർത്ത് ഡിവിഷൻ
തിരുവനന്തപുരം സിറ്റി

(എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരണം)